പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 971

03.12.2014 -ലെ മറുപടിയ്ക്ക്

## പ്രവർത്തന ക്ഷമമല്ലാത്ത തോട്ടങ്ങളിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ബഷീർ<br>ശ്രീ.എൻ.ഷംസുദ്ദീൻ<br>ശ്രീ.എം.ഉമ്മർ<br>ശ്രീ.പി.ബി.അബ്ദുൾ റസാക് | ശ്രീ . ഷിബു ബേബി ജോൺ<br>(ബഹു: തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) കാര്യക്ഷമമായ പ്രവർത്തനമില്ലാത്തതോ, പ്രവർത്തനം മുടങ്ങിയതോ ആയ എസ്റ്റേറ്റുകളെ സംബന്ധിച്ച വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ; | (എ) ഉണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഇത്തരം തോട്ടങ്ങളിലെ തൊഴിലാളികൾ അനുഭവിക്കുന്ന ദുരിതം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) ഉണ്ട്. ഇത്തരത്തിൽ പൂട്ടിയ തോട്ടങ്ങൾ സ്ഥിതിചെയ്യുന്ന ജില്ലകളിൽ പ്ലാന്റേഷൻസ് വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി പ്രവർത്തിച്ചുവരുന്നുണ്ട്. ഈ കമ്മിറ്റി പൂട്ടി തോട്ടങ്ങളിലെ തൊഴിലാളികൾക്ക് മാരകരോഗ ധനസഹായം, പെൺമക്കൾക്ക് വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, വിദ്യാഭ്യാസ ധനസഹായം എന്നിവ നൽകി വരുന്നു. കമ്മിറ്റിയുടെ ഫണ്ടിൽ നിന്നും പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിൽ കുടിവെള്ള പദ്ധതി ലയങ്ങളുടെ അറ്റകുറ്റപ്പണികൾക്കുള്ള തുക എന്നിവ നൽകി വരുന്നു. കൂടാതെ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ അവകാശം കൈപ്പറ്റി പിരിഞ്ഞിട്ടില്ലാത്ത തൊഴിലാളികൾക്ക് സർക്കാർ ഓണക്കാലത്ത് ആശ്വാസ ധനസഹായമായി 1250/- രൂപ വീതം അനുവദിച്ചു നൽകിയിരുന്നു. |
| (സി) തൊഴിലാളികൾക്ക് തൊഴിൽ സുരക്ഷ ഉറപ്പുവരുത്താനും, മിനിമം ജീവിത സാഹച ര്യങ്ങൾ ലഭ്യമാക്കാനും ഉതകും വിധമുള്ള നയരൂപീകരണം നടത്തുമോ; മനഃപൂർവ്വം തൊഴിലാളി ദ്രോഹം നടത്തുന്ന തോട്ടങ്ങൾ ഏറ്റെടുക്കാനും നിലനിർത്താനും ആവശ്യമായ സംവിധാനം ഒരുക്കുന്ന കാര്യം പരിഗണി ക്കുമോ? | (സി) പരിഗണിക്കാവുന്നതാണ്. |

Sreedas
സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം | എസ്റ്റേറ്റിന്റെ പേര് | പൂട്ടിയ തീയതി / വർഷം | തൊഴിലാളികളുടെ എണ്ണം. | പൂട്ടാനുള്ള കാരണം | ജില്ല |
|---|---|---|---|---|---|
| 1 | കോട്ടമല എസ്റ്റേറ്റ്, ടീ ഗാർഡൻ | 23.12.2013 | 225 | സാമ്പത്തിക പ്രതിസന്ധി | ഇടുക്കി |
| 2 | ബോണാമി എസ്റ്റേറ്റ് ടീ ഗാർഡൻ | 11.10.2014 | 150 | സാമ്പത്തിക പ്രതിസന്ധി | ഇടുക്കി |
| 3 | മേത്താനത്ത് എസ്റ്റേറ്റ് | 12.11.2001 | 89 | സാമ്പത്തിക പ്രതിസന്ധി | ഇടുക്കി |
| 4 | റോസറി എസ്റ്റേറ്റ് | 1995 | 18 | സാമ്പത്തിക പ്രതിസന്ധി | പാലക്കാട് |
| 5 | ബീയാട്രീസ് എസ്റ്റേറ്റ് | 03.05.2002 | 33 | സാമ്പത്തിക പ്രതിസന്ധി | പാലക്കാട് |
| 6 | കരിമല എസ്റ്റേറ്റ് | 1987 | 5 | സാമ്പത്തിക പ്രതിസന്ധി | പാലക്കാട് |
| 7 | വാഴക്കുണ്ട് എസ്റ്റേറ്റ് | 1984 | 2 | സാമ്പത്തിക പ്രതിസന്ധി | പാലക്കാട് |
| 8 | ശിങ്കാരച്ചോല എസ്റ്റേറ്റ് | 1984 | 19 | സാമ്പത്തിക പ്രതിസന്ധി | പാലക്കാട് |
| 9 | മണലാരു-വിക്ടോറിയാ കാർഡമം എസ്റ്റേറ്റ് | 28.02.2006 | 14 | സാമ്പത്തിക പ്രതിസന്ധി | പാലക്കാട് |
| 10 | കിനാലൂർ എസ്റ്റേറ്റ് കൊച്ചിൻ മലബാർ എസ്റ്റേറ്റ് & ഇൻഡസ്ട്രീസ് ലിമിറ്റഡ്, കോയമ്പത്തൂർ | 2002 | 770 | സാമ്പത്തിക പ്രതിസന്ധി | കോഴിക്കോട് |

Sreekala
സെക്ഷൻ ഓഫീസർ